നം. സി.ഇ.ഇ/2762/2008/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# അസ്സീസിയ മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ് കോഴ്സിന്റെ പ്രവേശനം - സംബന്ധിച്ച്

**സൂചന:- ബഹു: സുപ്രീം കോടതിയുടെ W.P.(C) നം. 500/2008 മേലുള്ള 21.11.2008 ലെ ഉത്തരവ്.**

സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജായ **കൊല്ലം, അസ്സീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് (AZC) ലെ** 50% എം.ബി. ബി.എസ്. മാനേജ്മെന്റ് സീറ്റിൽ പഠിക്കുവാൻ താത്പര്യമുള്ള വിദ്യാർത്ഥികളുടെ പട്ടിക നൽകുവാൻ, ബഹു: സുപ്രീം കോടതി, പ്രവേശന പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ 2008 ലെ എം.ബി.ബി.എസ്/ബി.ഡി.എസ് റാങ്ക് ലിസ്റ്റിലുള്ള വിദ്യാർത്ഥികൾക്ക്, **22.11.2008 രാത്രി 8.00 മണി മുതൽ 24.11.2008 വൈകുന്നേരം 5.00 മണി വരെ www.cee.kerala.gov.in/willingness** എന്ന വെബ് സൈറ്റ് സന്ദർശിച്ച് അവരവരുടെ സമ്മതം രേഖപ്പെടുത്താവുന്നതാണ്.

ഈ സ്ഥാപനത്തിലെ എം.ബി.ബി.എസ് കോഴ്സിന്, മാനേജ്മെന്റ് സീറ്റിലേക്കുള്ള **വാർഷിക ട്യൂഷൻ ഫീസ് 4,50,000/- (നാല് ലക്ഷത്തി അൻപതിനായിരം) രൂപയാണ്.**

സർക്കാർ കോളേജുകളിൽ മറ്റ് കോഴ്സുകൾക്ക് ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക്, ഈ സംവിധാനത്തിലൂടെ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അവർ ലിക്വിഡേറ്റഡ് ഡാമേജസ് നൽകേണ്ടതില്ല.

സ്വകാര്യ സ്വാശ്രയ കോളേജുകളിൽ മറ്റ് കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ, ഈ സംവിധാനത്തിലൂടെ അലോട്ട്മെന്റ് നേടുകയാണെങ്കിൽ അവർക്ക് ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും.

**കൊല്ലം, അസ്സീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് (AZC)** ലെ 50% എം.ബി. ബി.എസ്. **സർക്കാർ മെരിറ്റ് സീറ്റിലേയ്ക്ക്, www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷൻ രേഖപ്പെടുത്തേണ്ട സമയം **24.11.2008 വൈകുന്നേരം 5 മണി വരെ** ദീർഘിപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം

22.11.2008

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**